# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# എ.എൽ.പി.എസ് തൈക്കാട്ടുശ്ശേരി

# 2024 – 2025 – 2026

## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

**ആമുഖം**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇങ്ങനെ ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കു വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക് മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപന പരമായപ്രധാന രേഖയാണ്. തൃശ്ശൂർ ജില്ലയിലെ തൃശൂർ വിദ്യാഭ്യാസ ജില്ലയിൽ ചേർപ്പ് ഉപജില്ലയിലെ തൈക്കാട്ടുശ്ശേരിയിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ് എ.എൽ.പി.എസ് തൈക്കാട്ടുശ്ശേരി.

സ്വപ്നം കാണുക വിശ്വസിക്കുക ഒരുമിച്ച് നേടുക എന്നതാണ് വിദ്യാലയത്തിന്റെ മുദ്രാവാക്യം. ഗ്രാമ പ്രദേശത്തെ ജനങ്ങളെ വിദ്യാസമ്പന്നരാക്കുക എന്ന ലക്ഷ്യത്തോടെ 1950 ൽ ആരംഭിച്ച ഒരു പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനമാണ് തൈക്കാട്ടുശ്ശേരി . ടൈൽ ഇട്ട മനോഹരമായ ക്ലാസ്സ് മുറികൾ, കമ്പ്യൂട്ടർ ലാബ്, ഗണിത ലാബ്, സയൻസ് ലാബ്, ലൈബ്രറി, പാർക്ക്, വാഹന സൗകര്യം, ഇന്റർലോക്കിട്ട മനോഹരമായ മുറ്റം, ഔഷധത്തോട്ടം, ശലഭപാർക്ക്, പച്ചക്കറി തോട്ടം, വൃത്തിയുള്ള ശുചിമുറികൾ, നവീകരിച്ച അടുക്കള, ഊണുമുറി എന്നിങ്ങനെ എല്ലാ ഭൗതിക സാഹചര്യങ്ങളോടും കുടി സ്ഥിതി ചെയ്യുന്ന സ്ഥാപനമാണ് തൈക്കാട്ടുശ്ശേരി എ.എൽ.പി സ്കൂൾ. 6 ക്ലാസ് മുറികളും 7 അധ്യാപകരും 2 അനദ്ധ്യാപകരും സേവനം ചെയ്യുന്നു. വിദ്യാലയത്തിന്റെ പ്രധാന പരിമിതി പഠനപിന്നോക്കമുള്ള കുട്ടികളുടെ രക്ഷിതാക്കൾ എന്തെങ്കിലും ആവശ്യത്തിന് വിളിച്ചാൽ വരാൻ മടിക്കുന്ന അവസ്ഥ, സമയപരിധി മൂലം പഠനപ്രക്രിയകൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സ്കൂൾ ബസ്

**വിദ്യാലയ മികവുകൾ**

പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ശലഭോദ്യാനം, മഴക്കുഴി, ജൈവ കമ്പോസ്റ്റ്, എല്ലാ കുട്ടികളുടെയും ഭവന സന്ദർശനം, സ്കൂൾ ലൈബ്രറി

**പൊതുലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും കുട്ടികളെ കേന്ദ്രീകരിച്ചതുമായ രീതിയിൽ പഠനവും പാഠ്യേതര പ്രവർത്തനങ്ങളും സംഘടിപ്പിക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും നിരന്തര മൂല്യനിർണയം നടത്തി വിലയിരുത്തൽ പട്ടിക തയ്യാറാക്കുകയും ചെയ്യുക.
- കുട്ടികൾ അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക. മികവ് 2025 എൽഎസ്എസ് നേടുക
- പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും.
- കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും.
- അക്ഷരദീപം പദ്ധതിയിലൂടെ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് വായിക്കുവാനും സംസാരിക്കുവാനും എഴുതുവാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളും ഉറപ്പാക്കും.
- കുട്ടിയുടെ പഠന താല്പര്യത്തെയും വ്യക്തിത്വ വികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരബോധന പ്രക്രിയയും നിരന്തര മൂല്യനിർണയ പ്രക്രിയയും നടത്തും.
- അക്കാദമികമായ ഉണർവ് ജനിപ്പിക്കുന്നതിൽ എല്ലാ അധ്യാപകരുടെയും അറിവിന്റെ സംഭാവനകൾ പരിഗണിക്കും.
- പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകും.
- ലൈബ്രറി വികസനം സാധ്യമാകും.
- പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരിക്ഷിച്ചും പഠനം ഉറപ്പാക്കും.
- അധ്യാപകരുടെ ഐസിടി പ്രവർത്തനങ്ങൾ പഠനപ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കും.
- പുതിയ പുതിയ ടീച്ചിങ് എയ്ഡ് നിർമ്മിച്ച് പഠനപ്രക്രിയ എളുപ്പമാക്കും.
- ശാസ്ത്രമേളകളിലും ക്ലബ്ബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തും.

**അക്കാദമിക പ്രവർത്തനങ്ങൾ**

അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടേയും സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനം മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയും. ഞങ്ങളുടെ വിദ്യാലയത്തെ സമൂഹത്തിന്റെയും കൂടി സ്ഥാപനമായി എങ്ങനെ മാറ്റാനാവും എന്ന ഉദ്ദേശത്തോടെ പ്രതീക്ഷ ഉണർത്തുന്നതും പ്രചോദനാത്മകവുമായ ഹ്രസ്വകാല, മധ്യമകാല, ദീർഘകാല പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെ തയ്യാറാക്കിയിരിക്കുന്നു. ഇന്ന് നവീകരിക്കുന്ന ശാസ്ത്ര തത്വമാണെന്ന് സത്യം എടുത്തു പറയുന്നു.

**പൊതുലക്ഷ്യങ്ങൾ**

**ഭാഷാവികാസം**

**വിഷയം – മാതൃഭാഷ/ മലയാളം**

- മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്കുള്ള അവസരം നൽകുക.
- എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.
- സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

**ഹ്രസ്വം എൽ പി**

കഥ, കവിത, ചിത്രരചന, സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ മലയാളത്തിളക്കം പദകാർഡ് വായന, ചിത്രപദക്കാർഡ് വായന, വായന മത്സരം പത്രവായന, ദൃശ്യവായന, പുസ്തകവായന, ചിത്രവായന, ഒരു കുട്ടി ഒരു പുസ്തകം സംഭാവന, കവിതാരചന നാടൻ കഥകൾ, കവിതകൾ കേൾക്കൽ, കഥാവരണം

**മധ്യമം എൽ പി**

കവിതാപതിപ്പ്, ചിത്രപതിപ്പ്, കഥാപതിപ്പ്, കേട്ടെഴുത്ത്, സംഘപ്രവർത്തനങ്ങൾ, ആസ്വാദനക്കുറിപ്പ്, കവിയരങ്ങ്, കാവ്യകേളി, കവിതാലാപനം, അക്ഷരശ്ലോകം, ദൃശ്യാവിഷ്കാരം, ശിൽപ്പശാല

**ദീർഘം എൽപി**

ചിത്രശേഖരണം, ചുമർപത്രിക, പാഠവായന, പത്രവായന, പദസൂര്യൻ പൂർത്തിയാക്കൽ, വിട്ടുപോയവ കണ്ടെത്തൽ, കവിതാരചന, കഥാരചന, ക്വിസ് മത്സരങ്ങൾ, ദിനാചരണങ്ങൾ, കവിതകൾ ഈണത്തിൽ ചൊല്ലൽ

**വിഷയം – ഇംഗ്ലീഷ്**

- ഇംഗ്ലീഷ് തെറ്റു കൂടാതെ വായിക്കാനും എഴുതാനും പഠിക്കുക.
- സ്വന്തം ആശയങ്ങൾ സ്ഥലകാല സാഹചര്യങ്ങൾക്കനുസരിച്ച് തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നു
- കാണുന്നതിനും കേൾക്കുന്നതിനും ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക
- ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനുള്ള കഴിവ്
- മാധ്യമങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്ത ഭാഷയെ മെച്ചപ്പെടുത്താൻ പ്രാപ്തരാക്കുക

**ഹ്രസ്വം എൽപി**

ദിവസത്തിൽ വാക്കുകളും അതിന്റെ അർത്ഥവും പഠിക്കുന്നു. ചിത്രങ്ങൾ, വീഡിയോകൾ എന്നിവയുടെ സഹായത്തോടെ സംഭാഷണം (ചിത്രങ്ങൾ സാഹചര്യങ്ങൾ) ചിത്രങ്ങളെ ആസ്പദമാക്കി വിവരണം തയ്യാറാക്കൽ

**മാധ്യമം എൽ പി**

MIND MAPPING, പുസ്തക വായന, പുസ്തക പരിചയം

**ദീർഘം എൽ പി**

സർഗാത്മക രചനകൾ, സംഭാഷണം

**ഗണിതം**

**ലക്ഷ്യങ്ങൾ**

- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം വ്യവകലനം എന്നിവ സഹായകമാകുന്നു എന്ന് തിരിച്ചറിയുന്നു

- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തുന്നു.
- ഗണിതം ആസ്വദിക്കുവാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.
- കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു
- ഗണിത പഠനത്തിൽ ഐസിടി സാധ്യതകൾ പരമാവധി ഉപയോഗിച്ച ഗണിത പഠനം ആയാസകരമാക്കുന്നു.
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു നിർമിക്കുന്നു.
- സംഖ്യ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.
- ഗുണനപട്ടിക മനപാഠമാക്കുന്നു.
- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു
- എ പ്ലസ് ലെവലിലേക്ക് ഉയർത്താൻ കഴിയുന്ന വർക്ക്ഷീറ്റുകൾ നിർമ്മിക്കുന്നു.

**ഹ്രസ്വം എൽ പി**

സംഖ്യാകാർഡുകൾ, ആവർത്തനവായന, എഴുത്ത്, അബാക്കസ്, ചിത്ര സഹായത്തോടെയുള്ള പഠനം പേപ്പർ കട്ടിംഗ്, സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം പത്തിന്റെ കൂട്ടങ്ങളാക്കൽ (കല്ല്, ഈർക്കിലി, വളപ്പൊട്ട്, മഞ്ചാടി) ലരേ. ഗ്രൂപ്പുകൾ കൂടിച്ചേർന്ന് സങ്കലനം, കുസൃതി കണക്കുകൾ (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം)

**മധ്യമം എൽ പി**

സ്ഥാലവില പോക്കറ്റ്, അബാക്കസ് നിർമ്മാണം, ജ്യാമിതീയരൂപങ്ങൾ പട്ടികപ്പെടുത്തൽ, ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ, കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ, സംഖ്യാ ചാർട്ടുകൾ

**ദീർഘം എൽ പി**

കണക്കിലെ കളികൾ, ശേഖരണം, കുസൃതി കണക്കുകൾ, കുട്ടിക്കവിതകൾ ശേഖരണം, ജ്യാമിതീയരൂപങ്ങൾ നിർമ്മാണം, ഗണിത പാറ്റേണുകൾ നിർമ്മിക്കൽ, കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി കൂട്ടാനും കുറയ്ക്കാനുള്ള പരിശീലനം (വീട്, വിദ്യാലയം)

- പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുന്നു
- പഠനയാത്രകൾ സംഘടിപ്പിച്ച് പഠനം കാര്യക്ഷമമാക്കുന്നു
- ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു
- അർഥപൂർണ്ണമായ ഭൂപട വായന ക്രമീകരിക്കുന്നു
- സസ്യവൈവിധ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംരക്ഷണം മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.
- നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ ചിലതെങ്കിലും സ്വന്തമായി ഉത്പാദിപ്പിക്കേണ്ടവയാണെന്ന് തിരിച്ചറിയുന്നതിനും പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു
- വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് നിർദ്ദേശങ്ങൾ നൽകാനും ശുചിത്വം പാലിക്കാനും
- ശുദ്ധജലസ്രോതസ്സുകൾ മലിനമാകുന്ന സാഹചര്യങ്ങൾ നിർദ്ദേശിക്കുവാനും പ്രാവർത്തികമാക്കാനും കഴിയുന്നു

**ഹ്രസ്വം എൽപി**

സസ്യ ആൽബം - (ഇല, വേര്, പൂവ്) ശാസ്ത്ര പതിപ്പുകൾ, പൂന്തോട്ടം നിർമ്മാണം

ലഘുപരീക്ഷണങ്ങൾ വിവിധതരം വിത്തുകൾ മുളപ്പിക്കൽ, ബോധവൽക്കരണ ക്ലാസുകൾ, കൃഷിക്കാരനുമായുള്ള അഭിമുഖം, പഠനയാത്രകൾ, ശലഭോദ്യാനം, പരിസ്ഥിതി സംരക്ഷണ യാത്രകൾ, പ്രവർത്തനങ്ങൾ, ഐസിടിയിൽ കേരളം - ജില്ലകൾ പഠിക്കുന്നു, കളക്ഷൻസ്, കല, സാഹിത്യം, നഗരം

**മധ്യമം എൽ പി**

കേരളത്തിന്റെ ജില്ലകൾ കുട്ടികൾ കണ്ടെത്തുന്നു. ഇന്ത്യ-സംസ്ഥാനങ്ങൾ കണ്ടെത്തുന്നു. കളക്ഷൻസ് - പേപ്പർ കട്ടിംഗ്സ്, വിവരണം, സെമിനാർ, ഡിബേറ്റ്സ്

**ദീർഘം എൽ പി**

ആൽബപ്രദർശനം, ക്വിസ് മത്സരം, പരീക്ഷണക്കുറിപ്പ്

**ആരോഗ്യ കായിക വിദ്യാഭ്യാസം**

**ലക്ഷ്യങ്ങൾ**

- ശാരീരിക മാനസിക വളർച്ചയുടെ വികാസം
- കുട്ടിയുടെ ആരോഗ്യ കായിക വികാസ ഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുകയും ചെയ്യുക
- കുട്ടിയുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പുവരുത്തുക

**ഹ്രസ്വം എൽ പി**

- ജനറൽ എക്സർസൈസ്, മൈനർ ഗെയിം വിവിധതരംഗയും പരിചയപ്പെടൽ, സൈക്ലിംഗ്

**മധ്യമം എൽ പി**

- സ്പോർട്സിനോട് താല്പര്യം ഉള്ളവർക്ക് പ്രത്യേക പരിശീലനം.

**ദീർഘം എൽ പി**

- ബാൻഡ് സെറ്റ് പരിശീലനം, കമാൻഡോ കിഡ്സ്

## ICT

**ലക്ഷ്യങ്ങൾ**

- വിവരവിനിമയ സാങ്കേതികവിദ്യ പ്രദാനം ചെയ്യും. വിഭവങ്ങളാൽ ശാക്തീകൃതമായ പഠനം വിദ്യാലയത്തിൽ പ്രാവർത്തികമാക്കി നൂതന സാങ്കേതിക വിദ്യയുടെ മികവ് പ്രയോജനപ്പെടുത്തുക
- വിക്കി സോഫ്റ്റ്വെയർ ഉപയോഗിക്കാൻ പഠിക്കുക
- പവർ പോയിന്റ് പ്രസന്റേഷൻ
- ഡിജിറ്റൽ പെയിന്റിംഗ്

**ഊന്നൽ കൊടുക്കുന്ന പ്രവർത്തനങ്ങൾ, ചുമതലയുള്ളവർ**

**അക്ഷരദീപം**

പഠന പിന്നോക്കമുള്ളവർക്ക് - ലക്ഷ്മി വി കെ

**എൽ എസ് എസ് കോച്ചിംഗ്**

പഠനത്തിൽ മികവ് പുലർത്തുന്നവർക്ക്

3 pm to 4 pm - ശ്രീദുർഗ്ഗ ഇ.വി. ലക്ഷ്മി വി.കെ.

**ആഘോഷത്തിനൊരു അതിഥി**

സ്കൂൾ - പ്രാദേശികതലത്തിൽ - മഞ്ജുശ്രീ, അശ്വതികൃഷ്ണ

**ലൈബ്രറി**

ശ്രീദുർഗ്ഗ ഇ.വി.

**വാർഷികം**

കീർത്തി ചന്ദ്രൻ, ബ്യുല റോസ്

**ഫീൽഡ് ട്രിപ്പ്**

കീർത്തി ചന്ദ്രൻ, ശ്രീദുർഗ്ഗ ഇ.വി.

**പതിപ്പുകൾ**

ബ്യുല റോസ്

**ക്വിസ്**

കീർത്തി ചന്ദ്രൻ, മഞ്ജുശ്രീ

**കല, കായികം, ആരോഗ്യം**

ശ്രീദുർഗ്ഗ ഇ.വി., അശ്വതികൃഷ്ണ

**പരീക്ഷണങ്ങൾ**

കീർത്തി ചന്ദ്രൻ, ലക്ഷ്മി വി.കെ.

**മോണിറ്ററിംഗ്**

കീർത്തി ചന്ദ്രൻ, അശ്വതി കൃഷ്ണ

**കോമൺ മോണിറ്ററിംഗ്**

ശ്രീദുർഗ്ഗ ഇ.വി. ലക്ഷ്മി വി.കെ.

**അക്ഷരദീപം – തനതുപ്രവർത്തനം**

**ആദ്യ ടേം**

മലയാളത്തിളക്കം, ഗണിത വിജയം, ഹലോ ഇംഗ്ലീഷ്, യോഗ

**സെക്കന്റ് ടേം**

ഇവിഎസ് , യോഗ, ജി.കെ

**തേർഡ് ടേം**

ഗണിത തിളക്കം

മലയാളത്തിളക്കം

ഇംഗ്ലീഷ് കുട്ടികവിതകൾ, കഥകൾ, മലയാളം കവിതകൾ, പസിൽസ്, ഗണിത കളികൾ ഗുണന പട്ടികകൾ, ഗണിത പാട്ടുകൾ, കുസൃതി കണക്കുകൾ, അക്ഷരങ്ങൾ, ചിത്രകാർഡുകൾ, പദക്കാർഡുകൾ, കേട്ടെഴുത്ത്, പത്രവായന, കാവ്യകേളി, അക്ഷരശ്ലോകം, ഈർക്കിലി കെട്ടുകൾ, കമ്പുകെട്ടുകൾ, കല്ല് കൂട്ടം. വിവിധ കലാരൂപങ്ങൾ (പതിപ്പ്)

**ഇ.വി.എസ്**

പരീക്ഷണങ്ങൾ, ചാർട്ടുകൾ, ഇലശേഖരണം, വിത്തുശേഖരണം, പേപ്പർ കട്ടിംഗ്സ്

**ഗണിതം**

സംഖ്യാപാറ്റേൺ

**മൂല്യനിർണയം – മഞ്ജുശ്രീ**

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, തുടങ്ങിയവ ആധുനികവത്ക്കരിക്കും.
7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./ കോർണർ പി.ടി.എ.കൾ എന്നിവ ചേരും.
8. ഒന്നാം ക്ലാസ്സ് മുതൽ 4 -ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
9. 'വിദ്യാലയ ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
13. ഹരിതസേന രൂപീകരിക്കൽ
14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. [redacted]
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

[redacted]

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# ഗണിതം

പ്രവർത്തനം : 1
പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

പ്രവർത്തനം : 2
പേര് : ഗണിതലാബ് (ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

പ്രവർത്തനം : 3
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഗണിതക്ലാസ് പി. ടി. എ.
ഉപമേഖല : സി. പി. ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം :** 1
**പേര്** : ശാസ്ത്ര പഠനോപകരണ ശില്പ ശാല
**ഉപമേഖല** : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾകിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

**പ്രവർത്തനം :** 2
**പേര്** : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
**ഉപമേഖല** : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : പരീക്ഷണകിറ്റ്
**ഉപമേഖല** : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

# സാമൂഹികാവബോധം

**പ്രവർത്തനം** : 1
**പേര്** : അതിഥിയെ അറിയൽ
**ഉപമേഖല** : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം** : 2
**പേര്** : പ്രാദേശിക അറിവ്
**ഉപമേഖല** : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

**പ്രവർത്തനം** : 3
**പേര്** : ഫീൽഡ് ട്രിപ്പ്
**ഉപമേഖല** : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# വിവര സാങ്കേതിക വിദ്യ

**പ്രവർത്തനം :** 1
**പേര്** : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
**ഉപമേഖല** : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

**പ്രവർത്തനം :** 2
**പേര്** : I T ലാബ്
**ഉപമേഖല** : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

**പ്രവർത്തനം : 1**
**പേര്** : പ്രവൃത്തി പരിചയശിൽപശാല
**ഉപമേഖല** : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണം ചന്ദനത്തിരി, പാവ, ചോക്ക് etc | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര്** : പേപ്പർ ബാഗ് നിർമാണം
**ഉപമേഖല** : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

**പ്രവർത്തനം : 3**
**പേര്** : ഒറിഗാമി
**ഉപമേഖല** : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

## ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം : 1
പേര് : കായികാരോഗ്യം
ഉപമേഖല : എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

പ്രവർത്തനം : 2
പേര് : ഹെൽത്ത് ചെക്ക് അപ്പ്
ഉപമേഖല : ആര്യോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | -<br>3,000 |

പ്രവർത്തനം : 3
പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല
ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>ആര്യോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

# ഇംഗ്ലീഷ്

**പ്രവർത്തനം :** 1
**പേര് :** ഇംഗ്ലീഷ് അസംബ്ലി
**ഉപമേഖല :** പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം :** 2
**പേര് :** ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര് :** ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 10
പേര് : [redacted]
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

പ്രവർത്തനം : 11
പേര് : സർഗ്ഗവേള
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12
പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക
ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | നിഷാന , ഖൈറുന്നിസ , സ്വാലിഹ ,ആനന്ദൻ | 3000 |